# Diploma in Elementary Education (D.El.Ed.)
# END SEMESTER ASSESSMENT 2018
## S1 102 വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ

സമയം: 2 മണിക്കൂർ സ്കോർ :50

.................................................................................................................................................

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം)** (5X1=5)

1. നളന്ദ സർവ്വകലാശാലയുടെ സ്ഥാപകൻ
   a) ചന്ദ്രഗുപ്ത മൗര്യൻ
   b) കുമാര ഗുപ്തൻ
   c) അശോക ചക്രവർത്തി
   d) ബിന്ദുസാരൻ

2. പൗരസ്ത്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർന്നു നടത്തുന്നതിനോട് വിയോജിച്ച വിദ്യാഭ്യാസ രേഖ.
   a) വുഡ്സ് ഡെസ്പാച്ച്
   b) ഹണ്ടർ കമ്മീഷൻ
   c) മെക്കാളെ മിനുട്സ്
   d) സാർജന്റ് റിപ്പോർട്ട്
3. ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷന്റെ അധ്യക്ഷൻ.
   a) ഡോ. ഡി.എസ് കോത്താരി
   b) പ്രൊഫ. ആർ.എച്ച് ധാവെ
   c) പ്രൊഫ. യശ്പാൽ
   d) ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ

4. പൊതുജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുന്നതിനായി പ്രഖ്യാപിച്ച ആദ്യത്തെ തിരുവിതാം കൂറിലെ ഭരണാധികാരി.

   a) വേലുത്തമ്പി ദളവ
   b) റാണി ഗൗരി പാർവ്വതീഭായി
   c) സർ സി.പി രാമസ്വാമി അയ്യർ
   d) റാണി ലക്ഷമീ ഭായി തമ്പുരാട്ടി

5. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവെച്ച ആശയമാണ് 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നത് . പ്രകൃതി പഠനവുമായി ബന്ധപ്പെട്ട പഠനത്തിന്റെ പ്രാധാന്യം ആദ്യമായി അവതരിപ്പിച്ച് ദാർശനികൻ.
   a) ഹെഗൽ
   b) റൂസ്സോ
   c) അരിസ്റ്റോട്ടിൽ
   d) പ്ലാറ്റോ

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക്  ഒറ്റ വാക്കിൽ ഉത്തരമെഴുതുക (5X1=5)**

6. ബോധന മാധ്യമം സംബന്ധിച്ച രവീന്ദ്രനാഥ ടാഗോറിന്റെ  സമീപനമെന്ത്?
7. ജീൻ ജാക്വിസ് റുസ്സോയടെ കുട്ടിയെക്കുറിച്ചുള്ള ഒരു നിരീക്ഷണമെഴുതുക.
8. കേരള വിദ്യാഭ്യാസ നിയമം (കെ.ഇ.ആർ) നിലവിൽ വന്നവർഷം?
9. ആറു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക്  സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം വ്യവസ്ഥ ചെയ്യുന്ന നിയമം
10. 'ഭാരമാകാത്ത പഠനം''(Learning without burden) എന്നറിയപ്പെടുന്ന റിപ്പോർട്ട് തയാറാക്കുന്നതിന് നേതൃത്വം നൽകിയതാര്?

**11 മുതൽ 20 വരെയുള്ള ചോദ്യങ്ങൾക്ക്  3 സ്കോർ  വീതം (10X3=30)**

11. മതേതര ജനാധിപത്യ മൂല്യങ്ങൾ വികസിപ്പിക്കുന്നതിൽ പൊതു വിദ്യാഭ്യാസത്തിന്റെ പങ്ക് വിശദീകരിക്കുക.
12. പ്രാചീന ഭാരതത്തിലെ സ്ത്രീവിദ്യാഭ്യാസത്തിന്റെ അവസ്ഥ എന്തായിരുന്നു.?
13. 1944 ലെ സാർജന്റ് റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ  എന്തെല്ലാം? അവയുടെ കാലിക പ്രസക്തി പരിശോധിക്കുക.
14. ഭരണഘടന നിർദ്ദേശിക്കുന്ന കാമ്പ് പാഠ്യപദ്ധതി ഘടകങ്ങൾ (Core elements of Curriculum)എന്തെല്ലാം?
15. 1993 ലെ യശ്പാൽ കമ്മറ്റി റിപ്പോർട്ടിന്റെ പ്രധാന ശുപാർശകൾ ഏതെല്ലാം?
16. കൃസ്ത്യൻ മിഷണറിമാരുടെ  വിദ്യാഭ്യാസ പ്രവർത്തനങ്ങൾ  കേരള വിദ്യാഭ്യാസത്തെ മുന്നോട്ട് നയിക്കാൻ സഹായിച്ചിട്ടുണ്ടോ? പരിശോധിക്കുക.
17. കേരള വിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലാണ് 1957 ലെ വിദ്യാഭ്യാസ ബിൽ- വിശദമാക്കുക.
18. പ്രകൃതിവാദം, മാനവികതാവാദം, എന്നീ ദർശനങ്ങളിലെ വിദ്യാഭ്യാസലക്ഷ്യം, ബോധന രീതി എന്നിവ താരതമ്യം ചെയ്യുക.
19. സ്വാമി വിവേകാനന്ദന്റെ വിദ്യാഭ്യാസ ദർശനങ്ങളെ  സംഗ്രഹിക്കുക.
20. ദേശീയതലങ്ങളിലും സംസ്ഥാന തലങ്ങളിലും ജില്ലാതലങ്ങളിലുമുള്ള അധ്യാപക പരിശീലന സംവിധാനങ്ങൾ ഏതെല്ലാം?

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക്  5 സ്കോർ വീതം (5 X2=10)**

21. ഇന്ത്യൻ വിദ്യാഭ്യാസമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും വിശദമാക്കുക.
22. മഹാത്മഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനങ്ങളിൽ ജനാധിപത്യം, സമത്വം,  സ്വാതന്ത്ര്യം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്നതും ഇന്ത്യയുടെ ആനുകാലിക ആവശ്യങ്ങൾ നിറവേറ്റുന്നവയുമാണ് സമർത്ഥിക്കുക.